## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യ വകുപ്പിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.കെ.എം.ബഷീറിന്റെ സസ്പെൻഷൻ കാലയളവിലെ ശമ്പളം അനുവദിച്ച നൽകുന്നതിനായി സമർപ്പിച്ച പുനഃപരിശോധനാ ഹർജി നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (സാധാ) നം. 1342/2022/തസ്വഭവ തീയതി, തിരുവനന്തപുരം, 30.05.2022

---

പരാമർശം :- 1. 08.03.2020 ലെ സ.ഉ (സാധാ) നം. 768/2010/തസ്വഭവ നമ്പർ ഉത്തരവ്

2. 12.08.2020 ലെ സ.ഉ (സാധാ) നം. 2709/2010/തസ്വഭവ നമ്പർ ഉത്തരവ്

3. 08.08.2012 ലെ സ.ഉ (സാധാ) നം. 690/2012/തസ്വഭവ നമ്പർ ഉത്തരവ്

4. 12.06.2017 ലെ സ.ഉ (സാധാ) നം. 1937/2017/തസ്വഭവ നമ്പർ ഉത്തരവ്

### ഉത്തരവ്

പാലക്കാട് നഗരസഭയുടെ I.H.S.D.P പദ്ധതി പ്രകാരമുള്ള പദ്ധതി തുകയും, ഗുണഭോക്തൃ വിഹിതവും, വകമാറ്റി ചെലവഴിച്ചതിന് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.എം.ബഷീറിനെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു.

ഇതിനെതിരെ പാലക്കാട് നഗരസഭാ ചെയർപേഴ്സണും, വൈസ് പ്രസിഡന്റും ഫയൽ ചെയ്ത WP(C) 16977/2010 ലെ 27.07.2010 ലെ ഇടക്കാല വിധി പരിഗണിച്ച് ശ്രീ.കെ.എം.ബഷീറിനെ പരാമർശം (2) പ്രകാരം തിരിച്ചെടുക്കുകയും ടിയാൻ 18.08.2010 ൽ സർവീസിൽ തിരികെ പ്രവേശിക്കുകയും ചെയ്തതിനെ തുടർന്ന് ഈ വിഷയത്തിൽ ടിയാനെതിരായ അച്ചടക്കനടപടി ഒരു വാർഷിക ഇൻക്രിമെന്റ് 6 മാസത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് പരാമർശം 4 പ്രകാരം തീർപ്പാക്കിയിരുന്നു.

ശ്രീ.കെ.എം.ബഷീറിന്റെ 08.03.2010 മുതൽ 11.08.2010 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി, എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി കണക്കാക്കി ക്രമീകരിക്കുവാനും 12.08.2010 മുതൽ ജോലിയിൽ പ്രവേശിച്ചതു വരെയുള്ള കാലയളവ് പ്രവേശന കാലമായും ക്രമീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) 16977/10-ാം നമ്പർ അപ്പീലിലെ 27.07.2010 ലെ ഇടക്കാല ഉത്തരവ് പ്രകാരം സസ്പെൻഷൻ റദ്ദ് ചെയ്തിട്ടുള്ളതിനാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ മേൽ കാലയളവിലെ മുഴുവൻ ശമ്പളവും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 09.06.2010 തീയതിയായി ശ്രീ.കെ.എം.ബഷീർ അപേക്ഷ സമർപ്പിച്ചിരുന്നു.

27.07.2010 ലെ ഇടക്കാല ഉത്തരവ് പ്രകാരം സസ്പെൻഷൻ റദ്ദ് ചെയ്തിട്ടുള്ളതിനാൽ ടി കോടതി വിധിയുടെ അടിസ്ഥാനത്തിൽ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്നതാണ് ടിയാന്റെ അപേക്ഷ. എന്നാൽ ശ്രീ.കെ.എം.ബഷീറിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് 6 മാസത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് ടിയാനെതിരായി ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കിയ 08.08.2012 ലെ സ.ഉ (സാധാ) നം.690/2012/തസ്വഭവ ഉത്തരവ് പുനഃപരിശോധിച്ച് ശിക്ഷ ഒഴിവാക്കിയാൽ മാത്രമേ ടിയാന്റെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാൻ സാധിയ്ക്കുകയുള്ളൂ.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.എം.ബഷീറിനെതിരായ അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് 6 മാസത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ്കൊണ്ടും അതിനെതിരെ ടിയാൻ ഫയൽ ചെയ്ത റിവ്യൂ അപേക്ഷ സർക്കാർ നിരസിച്ച് തീർപ്പ് കൽപിച്ചിട്ടുള്ളതിനാലും ബഹു.കേരള ഹൈക്കോടതി WP(C) 16977/2010 നമ്പർ കേസിൽ ടി കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ടിയാന് അനുകൂല പരാമർശമൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും തീർപ്പാക്കിയ അച്ചടക്കനടപടി പുനഃപരിശോധിച്ച് അനുകൂലമായി തീർപ്പാക്കുന്നതിന് വേണ്ടത്ര കാരണങ്ങൾ നിലവിലില്ലാത്തതുമായ സാഹചര്യത്തിൽ പ്രസ്തുത നടപടി പുനഃപരിശോധിക്കുന്നത് അനാവശ്യമായ വ്യവഹാരങ്ങൾക്ക് കാരണമായേക്കും എന്നതിനാൽ ശ്രീ.കെ.എം.ബഷീറിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് 6 മാസത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് ടിയാനെതിരായ അച്ചടക്കനടപടി തീർപ്പാക്കിയ 08.08.2012 ലെ സ.ഉ (സാധാ) നം. 690/2012/തസ്വഭവ ഉത്തരവ് പുനഃപരിശോധിക്കേണ്ട ആവശ്യമില്ലാത്തതിനാൽ പുനഃപരിശോധനാ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.